"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ റിട്ട.ക്ലർക്ക് ശ്രീ മോഹനൻ കെ.വി. -ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചും ഒ എ 2568/19 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമഉത്തരവ് നടപ്പിലാക്കിയും ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.798/2024/LSGD തീയതി,തിരുവനന്തപുരം, 06-05-2024

---

പരാമർശം:-

1. 07.05.2013 ലെ G.O(P) No.209/13/Fin
2. സ.ഉ (അ) നം. 40/13/സാനീവ, തീയതി 18.05.2013
3. പഞ്ചായത്ത് ഡയറക്ടറുടെ 11.05.2018ലെ ഇ6-31486/13 നമ്പർ കത്ത്
4. 24.01.2019ലെ 144/ഇപിഎ1/18/തസ്വഭവ നമ്പർ സർക്കാർ കത്ത് (അനക്സർ എ4)
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ 2568/2019 കേസിന്മേലുള്ള 26.05.2022ലെ അന്തിമ ഉത്തരവ്

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ ക്ലർക്ക്( റിട്ട.) ശ്രീ മോഹനൻ കെ.വി. 26.02.2001 മുതൽ 23.08.2001 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.ക്ളർക്ക് തസ്തികയിൽ ജോലി നോക്കി വരവേ പി.എസ്.സി മുഖേന 2004 മുതൽ ടിയാൾക്ക് കൊളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി ജോലി ലഭിക്കുകയും പ്രസ്തുത തസ്തികയിൽ തുടർന്നു വരവേ പരാമർശം(2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർന്യൂമററി ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ചതിനെ തുടർന്ന് കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 22.02.2014-ൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. 30.06.2018 ൽ സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീ.മോഹനൻ.കെ.വി ടിയാളുടെ ക്ലറിക്കൽ തസ്തികയിലെ റഗുലർ സർവ്വീസിന് മുമ്പ് 26.02.2001 മുതൽ 23.08.2001 വരെയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുണ്ടായിരുന്ന പഞ്ചായത്ത് വകുപ്പിലെ എൽ.ഡി.ക്ലർക്ക് തസ്തികയിലേയും തുടർന്ന് പി.എസ്.സി മുഖേന 2004 മുതൽ കൊളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പിലെ ഓഫീസ് അറ്റന്റന്റ് തസ്തികയിലേയും സേവനംകണക്കിലെടുത്ത് സ്റ്റാറ്റ്യൂട്ടറി പെൻഷന് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും , 22.02.2014 ൽ സൂപ്പർ ന്യൂമററി തസ്തികയിലാണ് ടിയാന്റെ നിയമനം എന്നതിനാൽ ടിയാന് പങ്കാളിത്ത പെൻഷൻ പദ്ധതിക്കോ , സൂപ്പർ ന്യൂമററി തസ്തികയിൽ തുടരവേയാണ് വിരമിച്ചത് എന്നതിനാൽ സ്റ്റാറ്റ്യൂട്ടറി പെൻഷനോ അർഹതയില്ലെന്ന് കണ്ട് പരാമർശം (4) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയത് നിരസിച്ചിരുന്നു. പെൻഷൻ ആനുകൂല്യം നിരസിച്ചതിനെതിരെ ശ്രീ മോഹനൻ കെ.വി , ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ 2568/19 നമ്പർ കേസിന്മേലുള്ള പരാമർശം (5) ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ പ്രവേശിച്ച തീയതി വരെ ടിയാൻ ഒരു റഗുലർ ജീവനക്കാരനായിരുന്നുവെന്നും ആയതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരമുള്ള മൊബിലിറ്റിക്ക് ടിയാൻ അർഹനാണെന്നും, ടിയാൻ 30.06.2018 ൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ കൊളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ റഗുലർ തസ്തികയിൽ ജോലി നോക്കിയ കാലയളവ് കൂടി കണക്കിലെടുത്ത് KSR, Part III പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷന്

അർഹതയുണ്ടെന്നും നിരീക്ഷിച്ച് ബഹു.കോടതി പരാമർശം (4) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്യുകയും ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ മൂന്ന് മാസത്തിനകവും കുടിശികയായുള്ള ആനുകൂല്യങ്ങൾ തുടർന്നുള്ള മൂന്ന് മാസത്തിനകവും വിതരണം ചെയ്യണമെന്നും നിശ്ചിതസമയപരിധിക്കകം ആനുകൂല്യങ്ങൾ വിതരണം ചെയ്യിട്ടില്ലെങ്കിൽ 01.07.2019 മുതൽ വിതരണം ചെയ്യുന്ന തിയതി വരെ 6% പലിശ അനുവദിക്കേണ്ടതാണെന്നും പരാമർശം(5) പ്രകാരം ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽനിന്ന് ക്ലർക്ക് തസ്തികയിൽ വിരമിച്ച ശ്രീ മോഹനൻ കെ.വി.-ക്ക് ടിയാന്റെ സൂപ്പർ ന്യൂമററി സേവനത്തിന് മുമ്പുണ്ടായിരുന്ന 29.09.2004 മുതൽ 21.02.2014 വരെയുള്ള കോളീജിയറ്റ് എഡ്യുക്കേഷൻ വകുപ്പിലെ സർവ്വീസ് മാത്രം പരിഗണിച്ച്, (ഒഎ 1283/2020 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനസ്ട്രേറ്റീവ് കോടതിയുടെ 12.02.2022-ലെ ഉത്തരവ് പ്രകാരമുള്ള മരണപ്പെട്ട സത്യനാരായണൻ കെ പി യുടെ കേസ്സിന് സമാനമായി) പ്രത്യേക കേസ്സായി ഇതൊരു കീഴ് വഴക്കം ആക്കില്ല എന്ന വ്യവസ്ഥയിൽ, പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ഡെപ്യൂട്ടി ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കോഴിക്കോട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.അഡ്വക്കേറ്റ് ജനറൽ , കേരള , തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
3.സെക്രട്ടറി,ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീ. മോഹനൻ കെ വി , ക്ലർക്ക് (റിട്ട.) , ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ധനകാര്യ വകുപ്പ് (04.04.2024ലെ 890637/DEV1/251/2018-FIN നമ്പർ യു ഒ റിമാർക്സ് പ്രകാരം)
7.ഡയറക്ടർ . ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.144/ഇപിഎ1/2018-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 06-05-2024 13:19:48